**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3178** **11-03-2025 - ൽ മറുപടിയ്ക്ക്**

**വാടാനപ്പള്ളി ബീച്ച് ടൂറിസം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മുരളി പെരുനെല്ലി** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | മണലൂർ മണ്ഡലത്തിലെ വാടാനപ്പള്ളി ബീച്ച് ടൂറിസം പദ്ധതിയ്ക്കായി 2022-23 വർഷത്തെ ബഡ്ജറ്റിൽ പദ്ധതിയുടെ 20% തുകയായ രണ്ടു കോടി രൂപ അനുവദിച്ചതിൻപ്രകാരം പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനായി ഇതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് അറിയിക്കാമോ; വിശദാംശം നൽകാമോ? | (എ) | 2022-23 സാമ്പത്തിക വർഷത്തിലെ ബജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം - 2 മരാമത്ത് പണികളുടെ വിശദവിവരങ്ങൾ - വാല്യം - 2 ൽ 882 ക്രമനമ്പർ പ്രകാരം പ്രഖ്യാപിച്ച “വാടാനപ്പള്ളി ബീച്ച് സൗന്ദര്യവൽക്കരണം (ബീച്ച് ടൂറിസം പദ്ധതി)” എന്ന 10 കോടി അടങ്കൽ വരുന്ന പദ്ധതിക്ക് അടങ്കലിന്റെ 20% തുകയായ 2 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ടി പദ്ധതി നടപ്പാക്കുന്നത് സംബന്ധിച്ച് എം.എൽ.എ ജില്ലാ കളക്ടർ എന്നിവരുമായി പ്രാഥമിക ചർച്ചകൾ നടത്തിയിരുന്നു. പഞ്ചായത്ത് ഡയറക്ടറേറ്റിൽ നിന്ന് നിർദിഷ്ട ഭൂമിയുടെ നിരാക്ഷേപ പത്രം ലഭ്യമാക്കി പദ്ധതിയുടെ വിശദമായ പദ്ധതി രൂപ രേഖ സമർപ്പിക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ